
മഴവില്ല്
വി എച്ച് എസ് എസ് കരവാരം
ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2018-19

# മഴവില്ല്

## വി എച്ച് എസ് എസ് കരവാരം

## ഡിജിറ്റൽ മാഗസിൻ

### അവതരണം

### ലിറ്റിൽ കൈറ്റ്സ്
### വി എച്ച് എസ് എസ് കരവാരം

# ആമുഖം

വളരെ അഭിമാനത്തോടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കിയ ആദ്യ ഡിജിറ്റൽ മാഗസിൻ ആണ് " മഴവില്ല " .കുട്ടികളുടെ കലാ സൃഷ്ടികളെ വിവര സാങ്കേതിക വിദ്യയുടെ രൂപത്തിൽ പുറത്തിറക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം .മാറുന്ന വിദ്യാഭ്യാസ രീതിയുടെ ഒരു നേർക്കാഴ്ചയാണ് ഈ മാഗസിൻ .മാഗസിൻ വിജയകരമായി പൂർത്തീകരിക്കാൻ സഹായിച്ച എല്ലാ അധ്യാപകർക്കും വിദ്യാർഥികൾക്കും ആശംസകൾ അർപ്പിച്ചുകൊണ്ട് ഈ മാഗസിൻ സമർപ്പിക്കുന്നു

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

വി എച്ച് എസ് എസ് കരവാരം

# സ്കൂൾതല നിർവഹണ സമതി

ചെയർമാൻ : എ മധു (പി ടി എ പ്രസിഡന്റ് )

കൺവീനർ : സജനി പി രാജ് (ഹെഡ്മിസ്ട്രസ് )

വൈസ് ചെയർമാൻമാർ : സിന്ധു ആർ , ഗീത എസ്

(എം പി ടി എ പ്രസിഡന്റ് ,പി ടി എ വൈസ് പ്രസിഡന്റ് )

ജോയിന്റ് കൺവീനർമാർ : ജൂലിയത് എസ് , റീമ ടി
(കൈറ്റ് മിസ്ട്രസ്സുമാർ )
കുട്ടികളുടെ പ്രതിനിധികൾ : സൂര്യൻ ബി എസ്(ലിറ്റിൽ കൈറ്റ്സ് ലീഡർ)

ഗംഗ സി എസ് (ലിറ്റിൽ കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ)

ജഗൻ എസ് (സ്കൂൾ ലീഡർ )

അനശ്വര ജെ എൽ (ഡെപ്യൂട്ടി ലീഡർ )



**സന്ദേശം**

*പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവര വിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർഥികളെ സജ്ജമാക്കുന്നതിനായി നടപ്പിലാക്കിയ ലിറ്റിൽ കൈറ്റിസിന്റെ വി എച്ച് എസ് എസ് കരവാരം യൂണിറ്റിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "മഴവില്ല്" എന്ന ഡിജിറ്റൽ മാഗസീനിനു എന്റെ എല്ലാവിധ ആശംസകളും നേരുന്നു .*

*സജനി പി രാജ്*

*എച്ച് എം*

*വി എച്ച് എസ് എസ് കരവാരം*



സന്ദേശം

*വി എച്ച് എസ് എസ് കരവാരം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ആദ്യ ഡിജിറ്റൽ മാഗസിൻ ആയ "മഴവില്ല്" ന എല്ലാവിധ ആശംസകളും നേരുന്നു .*

*എ മധു*
*പി ടി എ പ്രസിഡന്റ്*
*വി എച്ച് എസ് എസ് കരവാരം*



## സന്ദേശം

ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ ടി കൂട്ടായമയായ ലിറ്റിൽ കൈറ്റിസിന്റെ വി എച്ച് എസ് എസ് കരവാരം യൂണിറ്റിലെ അംഗങ്ങൾ തയ്യാറാക്കിയ "മഴവില്ല "എന്ന ഡിജിറ്റൽ മാഗസീനിനു എല്ലാവിധ ആശംസകളും നേരുന്നു .

ഗായത്രി ദേവി ബി
സ്റ്റാഫ് സെക്രട്ടറി
വി എച്ച് എസ് എസ് കരവാരം

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# ഉള്ളടക്കം


വിദ്യാലയത്തിന്റെ കഥ........................................................................10

അറിവ് ........................................................................................12

പ്രളയം.......................................................................................13

ബഷീറിന്റെ കാഴ്ചകൾ ........................................................................14

മാന്ത്രികതാഴ്വര.................................................................................15

മഴ..............................................................................................16

വൻ ദുരന്തം അകലെയല്ല ,ഭൂമിയെ സംരക്ഷിക്കു.......................................17

മലർവാടി....................................................................................18

കൊച്ചു ചിത്രകാരിലൂടെ ....................................................................19

പഠനയാത്ര....................................................................................21

സുന്ദരിയായ പൂമ്പാറ്റ.........................................................................22

മാതൃത്വം എന്ന മഹാമരുന്നു..................................................................23

എന്റെ ഓർമകൾ.............................................................................25

കൊച്ചു പ്രതിഭകൾ............................................................................26

NCC UNIT....................................................................................28

JUNIOR RED CROSS.......................................................................29

വിദ്യാലയ ദിനങ്ങളിലൂടെ ...................................................................30

# വിദ്യാലയത്തിന്റെ കഥ




ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ കരവാരം ഒറ്റൂർ നാവായിക്കുളം എന്നീ മൂന്നു പഞ്ചായത്തുകളുടെ സംഗമസ്ഥാനമായ കല്ലമ്പലത്തു നിന്നും 2 കിലോമീറ്റർ കിഴക്കു മാറി കരവാരം പഞ്ചായത്തിന്റെ പാവല്ല എന്ന പ്രകൃതി സുന്ദരമായ സ്ഥലത്തു തലയുയർത്തി നിൽക്കുന്ന പവിത്രമായ ഒരു സരസ്വതി ക്ഷേത്രമാണ് കരവാരം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ. 1984 ഇത് പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിന് അന്നത്തെ സ്കൂളിന്റെ സ്ഥാപകൻ ആ നാടിൻറെ പേര് തന്നെ നൽകി.തുടക്കത്തിൽ ഹൈസ്കൂൾ മാത്രം ഉണ്ടായിരുന്ന സ്കൂളിന് 1995-ഇത് വി.എച്ച്.എസ്.ഇ ലഭിക്കുകയുണ്ടായി. ഇന്നും ആ നാടിൻറെ പേരിൽ സ്കൂൾ നിലനിൽക്കുന്നു. സ്കൂളിന്റെ പ്രഥമ മാനേജർ അഞ്ചൽ സ്വദേശി ശ്രീ രാജൻ

പിള്ള അവർകൾ ആയിരുന്നു .അദ്ദേഹം മാനേജ്മന്റ് സ്ഥാനം ഒഴിയുകയും പാവല്ല സ്വദേശി

ആയ ശ്രീ ജി.സുരേഷ് പുതിയ മാനേജ്മന്റ് സ്ഥാനം ഏൽക്കുകയും ചെയ്തു. ഹൈസ്കൂൾ വിഭാഗത്തിൽ 300 കുട്ടികളും വി എച്ച് ഇ  വിഭാഗത്തിൽ ൨൦൦ കുട്ടികളും പഠിക്കുന്നു .ഹൈസ്കൂൾ വിഭാഗം പ്രഥമാധ്യാപികയായി ശ്രീമതി സജനി പി രാജ് ഉം ശ്രീ മോഹനൻ നായർ വി എച്ച് എസ് ഇ വിഭാഗം പ്രിൻസിപ്പലായും സേവനമനുഷ്ഠിക്കുന്നു .പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമാകാൻ ഈ വിദ്യാലയവും ഒരുങ്ങി കഴിഞ്ഞു .സ്മാർട് ക്ലാസ്സ് റൂമുകളും അതിലേക്കു ഗവണ്മെന്റ് അനുവദിച്ച ലാപ്ടോപ്പും പ്രോജെക്ടറും വഴി കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യ വഴി അറിവുകൾ നേടാൻ സാധിക്കുന്നു .

*************************



ഹരീഷ്മ (10B)

# അറിവ്

(കഥ)

അറിവ് ഒരിക്കലും നമ്മെ തേടി വരില്ല ,നാം അതിനെ തേടി വേണം പോകാൻ .അതിനു ഒരേ ഒരു വഴിയേ ഉള്ളൂ വായിക്കുക .ഒരു ദിവസത്തിൽ ഒരു മണിക്കൂർ എങ്കിലും നമ്മൾ വായനക്കായി മാറ്റി വയ്ക്കണം .ആ ഒരു മണിക്കൂറാണ് നമ്മുടെ ജീവിതത്തിൽ പല മാറ്റങ്ങളും ഉണ്ടാക്കുന്നത് .വായന നമ്മുടെ ആരോഗ്യത്തിന്റെയും ബുദ്ധിയുടെയും ഒരു മരുന്ന് കൂടിയാണ് .



ഓഹിയോയിൽ ജനിച്ച ഒരു കുട്ടി പന്ത്രണ്ടാമത്തെ വയസ്സിൽ സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ടു .എന്തുചെയ്യണമെന്നറിയാതെ നിന്ന ആ കുട്ടിയോട് അമ്മ പറഞ്ഞു "നിനക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ ഒത്തിരി വായിക്കുക ."അന്ന് മുതൽ ആ കുട്ടി ബുക്കുകൾ വായിച്ചു തുടങ്ങി.

ഒരു ഡിഗ്രി പോലും ഇല്ലാത്ത ആ കുട്ടി 2332 കണ്ടുപിടിത്തത്തിന്റെ ഉപജ്ഞാതാവായി.ഈ നാടിനു "വെളിച്ചം " എന്ന വാക്കു പകർന്നു തന്ന ആ കുട്ടിയാണ് തോമസ് ആൽവാ എഡിസൺ .ആ മനുഷ്യനെ മഹാനാക്കിയത് വായന ആയിരുന്നു .അതിൽ നിന്നാണ് അദ്ദേഹം എല്ലാം നേടിയത് .

**************



ഗംഗ (9B)

# പ്രളയം




പലരും പലരും വെള്ളത്തിൽ
പലരും പലരും വള്ളത്തിൽ
വീടും കുടിയും വേണ്ടയ്യോ
നാടും കടും വേണ്ടയ്യോ
ഓടടാ ഓട്ടം ചാടടാ കുളത്തിൽ
പിറകെ ഉണ്ട് പിറകെ ഉണ്ട്
പ്രകൃതി ,പ്രകൃതി  കോപത്തിൽ
പശുവും ആടും ഓട്ടത്തിൽ
ഇവറ്റകളൊക്കെ കിണറ്റിലോ
പകയുടെ നാളുകൾ വന്നല്ലോ
മനുഷ്യരെല്ലാം പാവത്തിൽ
പാവത്തിൽ അവർ കഷ്ടത്തിൽ
ദുരന്തം പോലെ വരവായി

^^^^^^^^^^^^



ശിവാനി (10 B )

# ബഷീറിന്റെ കാഴ്ചകൾ



"എനിക്ക് വൃക്ഷങ്ങളെയും ചെടികളെയുമൊക്കെ വലിയ ഇഷ്ടമാണ് .ഓരോ വൃക്ഷത്തെയും ഓരോ ചെടികളെയും ഞാൻ സ്നേഹിക്കുന്നു .ഞാൻ വർത്തമാനം പറഞ്ഞാൽ ചെടികൾക്കും വൃക്ഷങ്ങൾക്കും മനസ്സിലാകും എന്നുവരെ എന്നിക്ക് തോന്നിയിട്ടുണ്ട് ".

"ഞാൻ ആർക്കും ഉപദ്രവമൊന്നും ചെയ്യാറില്ല .എന്നാൽ കഴിയുന്ന സഹായം ചെയ്യും .എനിക്ക് വലിയ മോഹങ്ങൾ ഇല്ല.മോഹങ്ങൾ ഒട്ടും ഉണ്ടായിരുന്നില്ല .പിന്നെ ഇതൊക്കെ ദൈവാനുഗ്രഹം .അത്രയേയുള്ളൂ ഞങ്ങൾ ഞങ്ങളുടെ പറമ്പിലുള്ള ഒരു ജീവിയേയും കൊല്ലാറില്ല "

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!



ആദിത് വി എസ് (8 A )

# മാന്ത്രികതാഴ്വര

(കഥ)



കഥ നടക്കുന്നത് അഖ്നാഥമാക്കൽ കാട്ടിൽ വച്ചാണ് .ഈ കാട്ടിൽ കടന്നാൽ വന്നവഴിയോ പോകാനുള്ളവഴിയോ മനസ്സിലാകില്ല .അത്രയ്ക്ക് നിഗൂഢതകൾ നിറഞ്ഞ കാടാണിത് .ഒരിക്കൽ കുറെ മനുഷ്യർ വിനോദത്തിനായി കാടിന്റെ വഴിയിൽകൂടിപ്പോയി .പെട്ടെന്ന് അവർക്കു ഭയം തോന്നി .കാടിന്റെ നിശ്ശബ്ദതയും ഇരുട്ടും അവരെ വളരെയധികം പേടിപ്പിച്ചു.പെട്ടെന്നുതന്നെ അവർ നാലുദിക്കിലേക്കോടി .നാലുപേരും ഓടിയോടി ഒരു ചരിഞ്ഞപ്രദേശത്തിലെത്തി .നാലുപേരും ഉറങ്ങിക്കിടന്ന പക്ഷികളെയും വവ്വാലുകളെയും ഉണർത്തി .അവർ ശബ്ദമുണ്ടാക്കാൻ തുടങ്ങി .ഇത് കേട്ട് വീണ്ടും അവർക്കു ഭയം തോന്നി .അവർ അവിടെ നിന്ന് ഓടാൻ തുടങ്ങി .ഓടിയോടിയവർ ഒരു അജ്ഞാതമായ പ്രദേശത്തെത്തി .ക്ഷീണം കാരണം അവർ ഉറങ്ങിപ്പോയി .പുലർച്ചെ നാലുപേരും കണ്ണുതുറന്നപ്പോൾ ഒരു അദ്ഭുതമായ ദൃശ്യം .അതിമനോഹരമായ വെള്ളച്ചാട്ടം ,വെള്ളച്ചാട്ടത്തിൽ തലത്തണക്കുന്ന പാറകൾ ,പാറകളിൽനിന്നു വരുന്ന വെള്ളം ഒരു അരുവിയായിമാറി .അരുവിയുടെ ഒരു ഭാഗത്തു പലതരം ഫലങ്ങളാൽ നിറഞ്ഞ വൃക്ഷങ്ങൾ .ഇവർക്ക് നാലുപേർക്കും ജീവിതവസാനംവരെയുള്ള ഭക്ഷണം ,പിന്നെ എന്തുവേണം സ്വർഗം പോലെയുള്ള ജീവിതം .പക്ഷെ ഈ താഴ്വരക്കു ഒരു പ്രത്യകതയുണ്ടായിരുന്നു .ഒരു പ്രാവശ്യം വന്നുകഴിഞ്ഞാൽ തിരികെ പോകാൻ കഴിയില്ല ....

@@@@@@@@@



പാർവതി (9  ബി)

# മഴ

(കവിത)

മഴ പെയ്യുന്നു മഴ പെയ്യുന്നു
മുത്തു മഴ പെയ്യുന്നു
മണ്ണിനും മനസ്സിനും നനവു
പകർന്നു മഴ പെയ്യുന്നു
മലവാർടി പോൽ എൻ
മനസ്സിൽ പതിയുന്നു
ആമ്പൽ പൂവുപോൽ മൃദുവായ
മേനിയിൽ പതിക്കുന്നു
പെയ്യുന്നു മഴ പെയ്യുന്നു





ശ്രീക്കുട്ടി (9B )

## വൻ ദുരന്തം അകലെയല്ല ,ഭൂമിയെ സംരക്ഷിക്കു



നമ്മളെല്ലാം നേരിടുന്ന *വലിയ ദുരന്തങ്ങളാണ്.മനുഷ്യന്റെ അശാസ്ത്രീയമായ പ്രവർത്തനങ്ങൾ മൂലം നമ്മുടെ നാട് ദിനം പ്രതി നശിച്ചുകൊണ്ടിരിക്കുകയാണ് .പലതരം ദുരന്തങ്ങൾ നമുക്ക് ഉണ്ടാകാറുണ്ട് .വെള്ളപൊക്കം ,ചുഴലിക്കാറ്റ് ,സുനാമി ,...ഇവ ഉണ്ടാകാനുള്ള പ്രധാന കാരണം നാം തന്നെയാണ് .കുന്നു ഇടിക്കൽ ,മണൽവാരൽ ,വയൽനികത്താൽ ,മാലിന്യങ്ങൾ വലിച്ചെറിയൽ എന്നിവ ,ഇതിന്റെ ഫലം അനുഭവിക്കുന്നത് നമ്മൾ തന്നെയാണ് .നമ്മൾ നശിപ്പിക്കുന്നത് ഭൂമിയെക്കൂടി യാണ് എന്നു നാം ഓർക്കണം .ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളും നശിക്കുന്ന ഒരു കാലം ഉടൻ തന്നെ ഉണ്ടാകും .ഇങ്ങനെയുള്ള* അശാസ്ത്രിയപ്രവർത്തനം നമ്മുടെ ഭൂമിയെ തന്നെ നശിപ്പിക്കാൻ ഇടയാകും .ഇതു തടയേണ്ടത്ത് നമ്മുടെ ഉത്തരവാദിത്വം ആണ് .അത് നാം ഒരിക്കലും മറക്കരുത് .ഭൂമിയെ സംരക്ഷിക്കുന്നതിലൂടെ നമ്മുടെ ജീവൻ തന്നെ തിരിച്ചുകിട്ടുന്നതാണ് .നമ്മൾ എല്ലാവരും അതിനു ഒന്നായി തന്നെ നിൽക്കേണ്ടത് അനിവാര്യമാണ് .ഭൂമിയെ സംരക്ഷിക്കുന്നതിലൂടെ നമ്മൾ നേരിട്ട പല ദുരന്തങ്ങൾക്കും പരിഹാരം കാണാൻ കഴിയും .

ഭൂമി നമുക്ക് വേണ്ടി എന്തൊക്കെയാണ് ചെയ്യുന്നത് .അതൊക്കെ നാം അങ്ങോട്ടും തിരിച്ചു ചെയ്യണം ,ഭൂമിയെ മലിനമാകാതെ തന്നെ .'ഭൂമിയെസംരക്ഷിക്കൂ.....ജീവൻ തിരിച്ചു നേടൂ'.

%%%%%%%%%



ആരതി .ആർ .എസ് ( 9 ബി )

# മലർവാടി

(കവിത )

ഹൃദയമാകുന്ന പൂവുകൾ
ഒരു മയിൽപീലിപ്പോൾ
എന്ന മലർവാടിയിൽ
ഒരായിരം പൂക്കുടയായ്
വർണ മഴവില്ലുപോൽ
ഒഴുകിയൊഴുകിയെത്തുന്ന
പാട്ടിന്റെ പാലാഴിപോലെ
യാണെൻ മലർവാടി
വിടരാൻ കൊതിക്കുന്ന



പൂമൊട്ട് പോലെയും
പൊഴിയാൻ മടിക്കുന്ന
വാടിയ മലരുകളാൽ
എൻ മലർവാടി പൂത്തുനിന്ന
മന്ദമാരുതനാവയെ മെല്ലെ
തഴുകി തഴുകി തലോടവേ ......
വർണ്ണ ശലഭങ്ങളാൽ അവ
പുത്തനുണർവിൽ
ഉയർന്നു നിന്നു
അവ രാഗലയ താളമോടെ .....
എൻ ഹൃദയത്തെ
തൊട്ടുണർത്തി .

############

## കൊച്ചു ചിത്രകാരിലൂടെ ..........



പ്രണവ് പി(9A)



ബിമൽ എസ്  (8A)



ബിമൽ എസ്  (8A)



മുനിയമ്മ (8A)



ബിമൽ എസ്  (8A)



മുനിയമ്മ (8A)



ബിമൽ എസ്  (8A)




പാർവതി(9B)

# പഠനയാത്ര



ഞാനും എന്റെ കൂട്ടുകാരും അധ്യാപകരും ചേരുന്ന നമ്മുടെ സംഘം രാവിലെ മണിക്ക് സ്കൂളിൽ നിന്ന് പുറപ്പെട്ടു .നമ്മുടെ സ്കൂൾ ബസ്സിലായിരുന്നു യാത്ര .തികച്ചും രസാവഹമായിരുന്നു.മനസ്സിന് സന്തോഷം പകരുന്ന ഒരുപാട് കാഴ്ചകൾ കാണാൻ കഴിഞ്ഞു .കായലുകളും,കടലും ,അഴിമുഖവും ,ബീച്ചും കണ്ടു .അവിടെ കുറച്ചുനേരം ചിലവഴിക്കുകയും ചെയ്തു .തിരമാലകളും അവയുടെ ഭൂരൂപങ്ങളും കണ്ടു മനസ്സിലാക്കി .അവിടെനിന്നു ബ്രിട്ടീഷ്കാരുടെ പ്രധാന സൈനികകേന്ദ്രമായ അഞ്ചുതെങ്ങിലേക്കു പോയി .കടൽ വഴിയുള്ള സഞ്ചാരത്തിന് ഏറെ സഹായകമായ ലൈറ്റ് ഹൗസ് കണ്ടു .യുദ്ധ സമയത്തു രക്ഷപ്പെടാനുള്ള തുരങ്കങ്ങൾ കണ്ടു. അഞ്ചുതെങ്ങുകോട്ട ചതുരാകൃതിയിലുള്ള കെട്ടിടമാണ്.ആ കെട്ടിടത്തിന് മുകളിലൂടെ കുറെ നേരം നമ്മൾ നടന്നു .വളരെയധികം രസകരമായിരുന്നു.അതിനു ശേഷം സായിഗ്രാമം എന്ന സ്ഥാപനം സന്ദർശിച്ചു .എന്റെയും എന്റെ കൂട്ടുകാരുടെയും മനസ്സിൽ മറക്കാനാവാത്ത അനുഭവവും ,കാഴ്ചകളുമാണ് നമുക്ക് അവിടെ നിന്ന് ലഭിച്ചത് .പിന്നീട് ആശാൻ സ്മാരകത്തിൽ  പോയി .ആശാൻ ആർട് ഗാലറി ,ലൈബ്രറിയും കണ്ടു തിരികെ സ്കൂളിൽ എത്തിച്ചേർന്നു .



സ്നേഹ(10A)

# സുന്ദരിയായ പൂമ്പാറ്റ

(കവിത )

മന്ദം മന്ദം വനികയിലേക്കൊരു സുന്ദരിയാം പൂമ്പാറ്റ .
മുത്തുകൾ പോലുള്ള ഇലകൾക്കിടയിൽ
ചെറു മുട്ടകളിട്ടു പൂമ്പാറ്റ
ഇലകൾക്കിടയിൽ മുട്ടകൾ ആയിരം ആയപ്പോൾ
ചിറകുകൾ വിടർത്തി പൂപ്പട്ട പോയ് മറഞ്ഞു ദൂരേക്ക്
മരതക വർണ പച്ചിലകൾതോറും
പരതി നടന്നു പൂമ്പാറ്റ
മഴവില്ലുപോൽ തൻ ചിറകുകൾ കണ്ടു
അസൂയ തോന്നിയ പൂച്ചെടികൾ
ചില്ലകൾ തോറും നൂറുകണക്കിന്
പച്ചില വള്ളികൾ ചാർത്തിയപ്പോൾ
മുത്തുകൾ പോലുള്ള ഇലകൾക്കിടയിൽ
അവൾ ആയിരം ആയിരം മുട്ടകൾ ഇട്ടപ്പോൾ
സന്തോഷവതിയാം പൂച്ചെടികൾ തൻ നൃത്തം
ചെയ്യും നേരത്തു
സുന്ദരിയാം ഒരു പൂമ്പാറ്റ തൻ ഇലകൾക്കിടയിൽ
നിൽക്കുന്നു
നൂറുകണക്കിന് പൂമ്പാറ്റകൾ പാറിപ്പറന്നു ആ പൂക്കാവനത്തിൽ .............





ആതിര(10B)

# മാതൃത്വം എന്ന മഹാമരുന്ന്

( കഥ )

ഓരോ പടികളും എണ്ണി കയറുമ്പോഴും കണ്ണുകൾ പതിവില്ലാതെ കണ്ണുനീർ പൊഴിച്ചു കൊണ്ടിരുന്നു .നിസ്സാരമാണെങ്കിൽ ക്ഷമിക്കാം എന്നാലിതോ? പക്ഷെ ഈ കരച്ചിലിനു ശബ്ദമില്ല .തുള്ളികളായി കവിളുകളിലൂടെ ഉതിരുന്ന ഉപ്പുതുള്ളികൾ മാത്രം .മുകളിലേക്കുള്ള കോണിപ്പടികൾ എണ്ണി തീർന്നു.ഷാളിന്റെ വലത്തേ തുമ്പു കൊണ്ടു മുഖം ശക്തിയോടെ തുടച്ചു .മുറിയിലെ പച്ച നിറത്തിലുള്ള വാതിൽ തുറന്നകത്തേക്കു കയറി .ആകെ നിശചലം .കതകടച്ചു മുകളിലത്തെ കുറ്റി ശക്തിയോടെ വലിച്ചടച്ചു .ഏതോ കുറ്റം ചെയ്തവന്റെ മുഖത്തടിച്ചു പോലെ .പിന്നീട് കട്ടിലിൽ ചാടി വീണു തലയിണയിൽ മുഖമമർത്തി ഒരു വലിയ ശബ്ദത്തോടെ അവൾ കരഞ്ഞു .എന്നാൽ പുറത്തു നിശബ്തത .പെട്ടന്നാരോ കതകു തള്ളി തുറക്കാൻ ശ്രമിച്ചു



ഹാളിൽ കണ്ട സ്കൂൾ ബാഗും നിവർത്തി വച്ച മഴ നനഞ്ഞ കുടയും കണ്ടപ്പോൾ ഉമ്മ ഒന്നും മിണ്ടാതെ മുകളിലേക്കോടി.കതകിൽ മുട്ടിയപ്പോൾ പൂട്ടിയതാണെന്ന് മനസ്സിലായി .ഉമ്മയുടെ ശബ്ദം കേട്ട് സൈറയുടെ തേങ്ങൽ വാക്യങ്ങളായി "എന്താ ...........എനിക്ക് ആരോടും മിണ്ടണ്ട ഉമ്മ എന്തിനാ....എനിക്ക് വയ്യ ഉമ്മ ....."ഉമ്മക്ക് കാര്യങ്ങൾ ഒന്നും മനസ്സിലായില്ല .പക്ഷെ അവളിൽ നിന്നും ഇത്രയും കേട്ടപ്പോൾ കണ്ണ് നിറഞ്ഞു ." മോളെ കതകു തുറക്കു ഉമ്മക്കു മോളെ ഒന്നു കാണണം ".ഉമ്മ കണ്ണുനീർ തുടച്ചു .കാരണം അൽപ സമയത്തിനു ശേഷം ആ കതകു തുറക്കും എന്നു ഉമ്മക്കു അറിയാമായിരുന്നു .

കരഞ്ഞു കരഞ്ഞു തളർന്ന സൈറ കതകു തുറന്നു .ഉമ്മയെ കണ്ട പാടെ അവൾ പറഞ്ഞു "ഉമ്മ എന്നോട് ഒന്നും പറയണ്ട" .ഉമ്മ ഒന്നും ചോദിച്ചില്ല .അവളെ  ചേർത്ത് പിടിച്ചു നെറ്റിയിൽ തലോടി ."വേഗം വാ വിശക്കുന്നില്ലേ "ഉമ്മ ഇത്രയും പറഞ്ഞു താഴേക്ക് പോയി .ഉമ്മ പോയതും കട്ടിലിനരികിലെ മേശയിൽ

നിന്നും അവൾ ഡയറി തുറന്നു .അതിലെ അവളുടെ ചിത്രത്തിലേക്ക് നോക്കി .ദേഹമാകെ നിറയെ ചിരങ്ങുകൾ ,പുറത്തേക്കു ഉന്തിയ പല്ലു .മുഖമാകെ മുറിവുകൾ പോലെ എന്തോ കൊണ്ട് അദൃശ്യമാക്കിയിരിക്കുന്നു .ഇതാണ് "സൈറ ".സൈറ തന്റെ ചിത്രത്തിൽ ഒന്ന് തഴുകി .പിന്നീട് പേനയെടുത്തു എഴുതി "എനിക്ക് ഇന്ന് എഴുതണം.മനസ്സങ്ങനെ പറയുന്നു .ശരിയാണ് ഞാൻ വിരുപയാണ് .ഇന്ന് ബസിൽ എന്നെ കയറ്റാത്തതും

അത് കൊണ്ടാണ് .സ്കൂളിൽ കൂട്ടുകാർ ഇല്ലാത്തതിനു കാരണവും അതു തന്നെയാണു.ഇന്ന് ഇത്രയും ദൂരം നടന്നതും അതിനാലാണു.അവർ പറയുന്നത് പോലെ എന്റെ രോഗം അപൂർവമാണ്.മരുന്നില്ല എങ്കിലും എനിക്കുണ്ട് "ഉമ്മ ".എന്റെ ഉമ്മ മറ്റുള്ളവരെ പോലെ സുന്ദരിയാണു.പിന്നെ അവർ കാണിക്കുന്ന വിവേചനം എന്തുകൊണ്ടു ഉമ്മ എന്നോടു കാണിക്കുന്നില്ല .?അവർ പറയും മരുന്നില്ലാതെ ഈ രോഗത്തിന്റെ പേരു ഭ്രാന്ത് എന്നു.എങ്കിൽ എന്റെ ഓരോ പ്രവൃത്തിയും ഭ്രാന്തിയെ പോലെ എന്നു ഉമ്മാക്ക് തോന്നാത്തതെന്തു .ഉമ്മാക്ക് മാത്രമേ ആ കഴിവുള്ളു .ഒരു ഭ്രാന്തിയായ എന്നെ അറിയാനുള്ള കഴിവ് .എന്റെ രോഗത്തിന് മരുന്നുണ്ടു.അതു എന്റെ ഉമ്മയുടെ സ്നേഹമാണു.ഒരു ദീർഘ നിശ്വാസത്തിനു ശേഷം ടിയേരിയെ ചുംബിച്ചു മേശപ്പുറത്തു അടുക്കി വച്ച ഏഴാം ക്ലാസ്സിലെ പുസ്തകങ്ങൾക്ക് മേൽ മുഖം വച്ച് അവൾ ഉറങ്ങി,കുറച്ചു കഴിഞ്ഞു ഭക്ഷണവുമായി വന്ന ഉമ്മ അവൾ ഉറങ്ങുന്നതു കണ്ടു ഭക്ഷണം മേശപ്പുറത്തു വച്ചുഅവളോട് ചേർന്ന് കിടന്നു .

**അവിടെ ഉമ്മ അവൾക്കു നൽകിയതു മാതൃത്വം എന്ന മരുന്നാണ് .ഏതു മരുന്നിനെക്കാളും ഫലപ്രദം ഈ സ്നേഹമാണെന്നു എല്ലാ അമ്മമാരും മക്കളും അറിയേണ്ടത് ആവശ്യമാണ് .**

--------------------------------



ആദിത്യൻ (9A )

# എന്റെ ഓർമകൾ

(കവിത )



പാതിരാ രാവത്ത് പാതിമറഞ്ഞൊരു
ചന്ദ്രനെ കണ്ടു ഞാൻ ഓർത്തു നിൽപ്പൂ
പകലിന്റെ രാവത്ത് തോളോടു
കൈ ചേർന്ന മാവിൻ ചുവട്ടിൽ
തുടങ്ങി ബാല്യം
ചങ്ങാതിമാരൊത്തു തോളോട് തോൾ ചേർന്ന
ഓർമ്മകൾ വീണ്ടും ഓർത്തിടുന്നു
പാതിരാ രാവത്ത് പാതിമറഞ്ഞൊരു
ചന്ദ്രനെ കണ്ടു ഞാൻ ഓർത്തു നിൽപ്പൂ
പകലിന്റെ രാവത്ത് തോളോടു
കൈ ചേർന്ന മാവിൻ ചുവട്ടിൽ
തുടങ്ങി ബാല്യം
വാക്കുകൾ ചൊല്ലി പഠിപ്പിച്ച ഗുരുവിന്റെ
സ്നേഹവും ഞാനിന്നു ഓർത്തിടുന്നു.

000000000000

# കൊച്ചു പ്രതിഭകൾ

















# NCC UNIT

കഴിഞ്ഞ കുറച്ചു വർഷങ്ങളായി നമ്മുടെ സ്കൂളിൽ N C C യുടെ പ്രവർത്തനം വളരെ വിജയകരമായി തന്നെ നടന്നു വരുന്നു .സമൂഹത്തിനു സഹായകമാകുന്ന രീതിയിൽ കുട്ടികളെ വാർത്തെടുക്കാൻ ഈ സ്കൂളിലെ NCC യൂണിറ്റിനു കഴിഞ്ഞിട്ടുണ്ട് .സ്കൂളിലെ പല പ്രവർത്തനങ്ങളുടെയും ചുമതല ഏറ്റെടുത്തു വളരെ വിജയകരമായി തന്നെ പൂർത്തിയാക്കാൻ കേഡറ്റുകൾക്ക് സാധിച്ചിട്ടുണ്ട് .







# JUNIOR RED CROSS

2018 - 2019 അധ്യയന വർഷത്തിൽ JRC യുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു .പരിസ്ഥിതി ശുചീകരണം , പ്ലാസ്റ്റിക് നിർമാർജനം ,രക്തദാന ദിന സെമിനാർ തുടങ്ങിയ പുതുതലമുറ അറിഞ്ഞിരിക്കേണ്ട പല പ്രവർത്തനങ്ങളും JRC യുടെ നേതൃത്വത്തിൽ വിദ്യാലയത്തിൽ നടക്കുന്നു .



## വിദ്യാലയ ദിനങ്ങളിലൂടെ ......................















ആഗസ്റ്റ് 6 ഹിരോഷിമ ദിനം
യുദ്ധ വിരുദ്ധ റാലി
VHSS കരവാരം കല്ലമ്പലം





മഴവില്ലിൽ ചാലിക്കാൻ ഇനിയുമുണ്ട് വർണങ്ങൾ ഏറെ.ഒരു ഇടവേളയ്ക്കു ശേഷം ഈ മഴവില്ല് വീണ്ടും വിരിയുന്നതായിരിക്കും .തത്കാലം നിർത്തുന്നു.ഈ മാഗസിനിൽ വർണ്ണങ്ങൾ ചാലിച്ച എല്ലാ പേർക്കും നന്ദി . ............

****************************